For circulation among believers only

റിന്യൂവൽ: ആത്മീയ പുതുക്കത്തിന്

# റിന്യൂവൽ വാർത്താപത്രിക

Reg. No. M6/33628/2001
Postal Registration No.
KL/EKM/429/2009 (Provisional)

Annual Subscription Rs. 50

വാല്യം - 8 | ലക്കം - 2 | ജനുവരി 2009

# രാജസ്ഥാനി എന്ന മാർവാരി ഭാഷ

### 1.6 കോടി ജനങ്ങൾക്ക് വേദപുസ്തക തർജ്ജമ വേണം

ഭാഷകളുടെ എണ്ണത്തിൽ ലോകത്ത് നാലാം സ്ഥാനമുള്ള ഭാരതത്തിൽ 430ലധികം സംസാരഭാഷകൾ ഉണ്ടെന്ന് കണക്കാക്കപ്പെടുന്നു. 60ൽ പരം ഭാഷകളിൽ വേദപുസ്തകം മുഴുവനും അത്രയും തന്നെ ഭാഷകളിൽ പുതിയ നിയമവും ലഭ്യമാണ്. ഇപ്പോൾ നൂറിൽപ്പരം ഭാഷകളിൽ ബൈബിൾ പരിഭാഷ നടക്കുന്നുണ്ട്. ഏറ്റവും ഒടുവിലായി ഒരു ലക്ഷത്തോളം വരുന്ന വടക്കൻ കേരളത്തിലെ പണിയർക്കും സ്വന്തം ഭാഷയിൽ പുതിയ നിയമം ലഭിച്ചു കഴിഞ്ഞു. എന്നിട്ടും 160 ലക്ഷം വരുന്ന രാജസ്ഥാനി ഭാഷയിൽ വേദപുസ്തകം ലഭ്യമായിട്ടില്ലെന്നത് ഏതൊരു വിശ്വാസിക്കും കനത്ത വെല്ലുവിളിയാണ്. “ഓരോ പന്ത്രണ്ട് മൈൽ കഴിയുമ്പോഴും രാജസ്ഥാനിൽ ഭാഷയും ആഹാരവും വെള്ളവും തലപ്പാവും മാറിക്കൊണ്ടിരിക്കും” എന്നത് പ്രസിദ്ധമായ ഒരു പഴഞ്ചൊല്ലാണ്. മാർവാരി, മേർവാരി, ഹോട്‌വാരി തുടങ്ങിയ ജനസമൂഹങ്ങൾ സംസ്ക്കാരത്തിലും പാരമ്പര്യത്തിലും സമ്പന്നരാണ്. ശേഖാപട്ടിയും, ദുന്താരിയും മറ്റ് പ്രധാന ഭാഷാവിഭാഗങ്ങളാണ്. പടിഞ്ഞാറൻ രാജസ്ഥാനിലെ ഒരു പ്രമുഖ ഭാഷാ സമൂഹമാണ് മാർവാരികൾ അഥവാ മാർവാടികൾ. താർ മരുഭൂമിയുടെ മദ്ധ്യഭാഗത്താണ് മാർവാർ പ്രദേശം സ്ഥിതി ചെയ്യുന്നത്. മനോഹരങ്ങളായ തലപ്പാവുകൾ ധരിക്കുന്ന പുരുഷന്മാരും ആകർഷകമായ ആഭരണങ്ങളാൽ അലങ്കരിക്കുന്ന സ്ത്രീകളും മാർവാരികളുടെ മുഖമുദ്രയാണ്. ചരിത്ര പ്രാധാന്യമുള്ള കൊട്ടാരങ്ങളും കോട്ടകൊത്തളങ്ങളും, ഒട്ടക ഉത്സവങ്ങളും, മേളകളും, പരമ്പരാഗത സംഗീതങ്ങളും, വിനോദ സഞ്ചാരികളുടെ കണ്ണും കാതും കുളിർപ്പിക്കുന്നതുമാണ്.


അശോക് ഖലോട്ട്

വലിയൊരു വിഭാഗവും ഹൈന്ദവ മതാനുസാരികളാണെങ്കിലും ദേശത്തിലെ വീര നായകന്മാരെയും, പ്രാദേശിക ദേവന്മാരെയും ആരാധിക്കുന്നവരും കുറവല്ല. ജൈനരും മുസ്ലീങ്ങളും ഇവരുടെ കൂട്ടത്തിലുണ്ട്. ഈ മേഖലയിലെ ആകെ ജനസംഖ്യ 1 കോടി 60 ലക്ഷം വരും. രാജസ്ഥാനി എന്നറിയപ്പെടുന്ന മാർവാരിയാണ് പൊതുവേ ഉപയോഗിക്കപ്പെടുന്ന ഭാഷ. ദൈവസ്നേഹത്തെ കുറിച്ച് അറിയുവാൻ മാതൃഭാഷയിൽ തിരുവചനം ലഭ്യമല്ലാത്ത മാർവാരികളുടെ ഇടയിൽ ചുരുക്കം ക്രിസ്ത്യാനികൾ മാത്രമാണുള്ളത്. അവരാകട്ടെ ജോലിക്കായി രാജസ്ഥാനിലേക്കു കുടിയേറിയവരും, പട്ടണവാസികളുമാണ്. ഈ ജനവിഭാഗങ്ങളുടെ ഇടയിലേക്ക് കാര്യമായ ഒരു പ്രവർത്തനവും എത്തിയിട്ടില്ല. വർഷങ്ങൾക്കു മുമ്പ് സാക്ഷാൽ വില്ല്യം കേറി തന്നെ പരിഭാഷയ്ക്കായി ഒരു ശ്രമം നടത്തിയെങ്കിലും അതു മുന്നോട്ട് പോയില്ല. ചില വേദഭാഗങ്ങൾ മാത്രം തർജ്ജമ ചെയ്യപ്പെട്ടിട്ടുള്ളതായി ഇതു സംബന്ധിച്ച ഗവേഷണം നടത്തിയ ഡോ. ബാബു വർഗീസ് അറിയിച്ചു. എങ്കിലും തങ്ങളുടെ സ്വന്തം ഭാഷയിൽ ദൈവവചനം ലഭിക്കാൻ കാര്യമായ ഒരു ശ്രമവും നടന്നിട്ടില്ല എന്നത് ദൈവജനത്തിന്റെ കണ്ണു തുറപ്പിക്കേണ്ടതാണ്. രണ്ടു പ്രാവശ്യം മതപരിവർത്തന നിരോധന നിയമം രാജസ്ഥാൻ നിയമസഭ പാസ്സാക്കി. അത് നിയമമാക്കുവാൻ ദൈവജനത്തിന്റെ പ്രാർത്ഥനാഫലമായി ദൈവം അനുവദിച്ചില്ല. ഇപ്പോഴത്തെ നമ്മുടെ ബഹുമാനപ്പെട്ട രാഷ്ട്രപതി പ്രതിഭാ പാട്ടീൽ രാജസ്ഥാനിൽ ഗവർണ്ണായിരിക്കുമ്പോഴായിരുന്നു ആദ്യം ബിൽ തിരിച്ചയച്ചത്. മുൻ മുഖ്യമന്ത്രി വസുന്ധരരാജസിന്ധ്യയുടെ ഗവർമെന്റ്

ശേഷം 2-ാം പേജിൽ


പരമ്പരാഗത വസ്ത്രധാരികളായ മാർവാടികൾ


വിസ്തൃതമായ മരുഭൂമിയിൽ

## എസ്.എസ്.എൽ. ക്യാമ്പ്

### കോട്ടയം സി.എസ്.ഐ. ക്യാമ്പ് സെന്ററിൽ

ഏപ്രിൽ 8 ബുധൻ വൈകിട്ട് മുതൽ 12 തിങ്കൾ വരെ കോട്ടയത്തു വച്ചാണ് ഇപ്രാവശ്യത്തെ എസ്.എസ്.എൽ ക്യാമ്പ് നടക്കുന്നത്. പ്രാദേശിക ബ്രദ്റൻ സഭകളിൽ ആത്മീയ ഉണർവ്വിനു വിത്തുപാകിയ ഈ ക്യാമ്പ് ഇരുപത് വർഷങ്ങളായി പത്താം ക്ലാസ്സിൽ പരീക്ഷയെഴുതുന്ന വിദ്യാർത്ഥികളുടെ ജീവിതത്തിൽ നിർണ്ണായക സ്വാധീനം ചെലത്തുന്ന ഒന്നാണ്. എസ്.എസ്.എൽ.സി, സി.ബി.എസ്.ഇ., ഐസി.എസ്.ഇ. വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും - റോബർട്ട് തോമസ്, Ebenezer, Rubber Board P.O., Thalappady, Kottayam. Tel : 0481 - 2353853, Thomas John - 9447341237, Tenson Joseph - 9447414222, Vinu Mathew - 9496325317.

# ജ്യേഷ്ഠൻ പി.കെ മാത്യൂസ് യാത്രയായി

കേരളത്തിലെ ദൈവജനത്തിന് പ്രിയങ്കരനായിരുന്ന തിരുവല്ലാ പണിക്കമ്മാട്ട് പി.എം. കൊച്ചിട്ടിയുടെയും അന്നമ്മയുടെയും മകനായി 1921 ഏപ്രിൽ 4ന് ജനിച്ച പി.കെ. മാത്യൂസ് (87) ജനുവരി 15 അതിരാവിലെ സ്വർഗ്ഗീയ ഭവനത്തിലേക്ക് യാത്രയായി. സംസ്ക്കാരം 17 ശനി ഉച്ചയോടെ നടന്നു. തപാൽ വകുപ്പിലെ ജോലിയോടുള്ള ബന്ധത്തിൽ മധുരയിലും തൃശ്ശിനാപ്പള്ളിയിലും, കോഴിക്കോട്ടും ചെലവഴിച്ച നാളുകൾ വേർപെട്ട ദൈവജനത്തിന്റെ ചരിത്രത്തിൽ പുതിയ അദ്ധ്യായങ്ങളെഴുതിയവയായിരുന്നു. 10-ാമത്തെ വയസ്സിൽ കർത്താവിനെ രക്ഷിതാവായി സ്വീകരിച്ച ‘കുഞ്ഞച്ചൻ’ തികഞ്ഞ ആത്മാർത്ഥതയും, എല്ലാവരോടും സ്നേഹവുമുള്ള മാതൃകാപുരുഷനുമായിരുന്നു. മധുരയിൽ ആയിരിക്കുമ്പോൾ നാട്ടിൽ നിന്ന് ഒരു കത്തു വന്നു. കുറിയന്നൂർക്കാരൻ കൊച്ചുസാർ എന്നു വിളിക്കുന്ന എം.ഇ. ചെറിയാൻ വേലയ്ക്കായി വേർതിരിഞ്ഞ് തമിഴ്നാട്ടിൽ പ്രവർത്തിക്കാൻ താല്പര്യം ഉണ്ടെന്നതായിരുന്നു കത്തിന്റെ ഉള്ളടക്കം. ഉടൻ തന്നെ പി.കെ. മാത്യൂസ് മറുപടി എഴുതി. ഇവിടെ സാദ്ധ്യതകൾ അനവധിയാണ്. ഇവിടെയുള്ള കാര്യങ്ങൾ ക്രമീകരിക്കാം. അങ്ങനെ എം.ഇ. ചെറിയാൻ സാർ മധുരയിൽ ചെന്നു. രണ്ടു പേരും ചേർന്നുള്ള പ്രവർത്തനം ചരിത്രത്തിലെ തങ്കലിപികളിൽ രേഖപ്പെടുത്തേണ്ടവയാണ്. എം.ഇ. ചെറിയാൻ സാറിന്റെ മധുരയിലേക്കുള്ള വരവിന് താങ്കളാണോ കാരണക്കാരൻ എന്ന ചോദ്യത്തിന് “ഞാനല്ല കർത്താവാണ്” എന്നായിരുന്നു ഒരിക്കൽ പി.കെ. മാത്യൂസ് എന്ന വിനയാന്വിതനായ സഹോദരൻ മറുപടി പറഞ്ഞത്. 1950 നോടടുത്ത് കുട്ടികൾക്കു വേണ്ടി പൈതൽ എന്ന ഒരു മാസിക തുടങ്ങാൻ ആലോചിച്ചെങ്കിലും പിന്നീട് സുവിശേഷകൻ എന്ന പേരിൽ മാസിക തുടങ്ങി. അതിൽ കുട്ടികൾക്കു വേണ്ടി ബാലസംഘം എന്ന പേരിൽ ഒരു പംക്തിയും ചേർത്തു. കുട്ടികൾക്കുള്ള കത്തിൽ താഴെ ജ്യേഷ്ഠൻ എന്ന് എഴുതാറുണ്ടായിരുന്നു. അങ്ങനെയാണ് ഇന്നത്തെ സുവിശേഷകൻ ബാലസംഘത്തിന്റെ ജ്യേഷ്ഠനായി താൻ അറിയപ്പെട്ടത്. 1989ൽ ആദ്യമായി എസ്.എസ്.എൽ. ക്യാമ്പ് ആരംഭിച്ചപ്പോൾ അതിന്റെ രക്ഷാധികാരിയായിരുന്നു. പി.കെ. മാത്യൂസ് കോളേജ് സ്റ്റുഡൻസ് ക്യാമ്പ്, 1992ലെ മിഷണറി ചലഞ്ച് കോൺഫറൻസ് എന്നിവയുടെയും രക്ഷാധികാരിയായിരുന്നു. വാർദ്ധക്യ സഹജമായ പ്രയാസത്താൽ കുറ്റപ്പുഴയിൽ മകൻ സാമിനോടൊപ്പം വിശ്രമ ജീവിതം നയിച്ചു വരികയായിരുന്ന പി.കെ. മാത്യൂസ് വേർപെട്ട ദൈവജനത്തിന്റെ മദ്ധ്യത്തിൽ എല്ലാം കൊണ്ടും ഒരു ജ്യേഷ്ഠനായിരുന്നു.

മക്കൾ - ഡോ. മോളി, ഡോ. ലിസി, ആനി, സാം മാത്യൂസ്, സൂസി. മരുമക്കൾ - ഡോ. അശോക് ഉമ്മൻ, ഡോ. ഫ്രെഡ് ഉമ്മൻ, ഡോ. ലയണൽ ജോർജ്ജ്, ഡോ. ബീനാ സാം, റ്റി.കെ. തോമസ്. മകൻ സാം മാത്യൂസ് കർത്തൃശുശ്രൂഷയിൽ വ്യാപൃതനായിരിക്കുന്നു.




**പി.കെ. മാത്യൂസ്** - 1992ലെ മിഷ്ണറി ചലഞ്ച് കോൺഫറൻസ് വേദിയിൽ

# രാജസ്ഥാനിൽ സി.റ്റി.സി.

രാജസ്ഥാനിലെ യുവജന പ്രവർത്തനത്തിന്റെ ചരിത്രത്തിൽ പുതിയൊരദ്ധ്യായം എഴുതിച്ചേർത്തുകൊണ്ട് ഡിസംബർ 27 മുതൽ 30 വരെ ജോഡ്പ്പൂരിൽ കൗൺസിലേഴ്സ് ട്രെയിനിംഗ് ക്യാമ്പ് അനുഗ്രഹകരമായി നടന്നു. ജോഡ്പ്പൂർ സഭയുടെ സമ്പൂർണ്ണ സഹകരണത്തിൽ നടന്ന പ്രോഗ്രാമിൽ പങ്കെടുത്തവരിൽ മിക്കവരും രാജസ്ഥാൻകാരായിരുന്നു എന്നത് പ്രോത്സാഹജനമായിരുന്നു. സഹോദരന്മാരായ സ്റ്റീഫൻ ചെറിയാൻ, ജോൺ ജോർജ്ജ് (സന്തോഷ്) എന്നിവരായിരുന്നു ക്രമീകരണങ്ങൾക്കു നേതൃത്വം നൽകിയത്. ശാരീരിക ക്ഷീണം മറന്ന് കർതൃദാസൻ റ്റി.യു. ചെറിയാൻ സജീവമായി ഉണ്ടായിരുന്നു. കർത്തൃദാസന്മാരായ എം.ജി. ശമുവേൽ, ദർശൻ സിംഗ്, ജയിംസ് പോൾ തുടങ്ങിയവരുടെ സാന്നിദ്ധ്യവും ശുശ്രൂഷകളും പങ്കെടുത്തവർക്ക് പുതിയൊരുത്സാഹം പകർന്നു നൽകി. സഹോദരന്മാരായ ജോൺസൻ ബേബി, കെ. തോമസ് മാത്യു എന്നിവരും വിവിധ ക്ലാസുകളെടുത്തു. ജോഡ്പൂരിലെ വിശ്വാസികളുടെ ഹൃദയാംഗമായ സഹകരണം എടുത്തു പറയേണ്ടതാണ്.


ജയിംസ് പോൾ, ദർശൻ സിംഗ്, ജോൺസൺ ബേബി, സ്റ്റീഫൻ ചെറിയാൻ

# മരുഭൂമിയിലെ വയലിൽ

### ജോഡ്പൂരിലെ സുവിശേഷകൻ ടി.യു. ചെറിയാനുമായുള്ള അഭിമുഖം

രാജസ്ഥാനിലെ കൊടുംചൂടിനെയും, ശൈത്യത്തെയും അതിജീവിച്ച് സുവിശേഷ രണാങ്കണത്തിൽ 43 വർഷം പോരാടിയ സുവിശേഷകൻ റ്റി.യു. ചെറിയാൻ ഇന്ന് പാർക്കിൻസൺസ് രോഗം ബാധിച്ച് ഓർമ്മകുറവും ശാരീരിക ക്ഷീണവും ഉണ്ടെങ്കിലും സഭാ യോഗങ്ങളിൽ പങ്കെടുക്കുന്നതിൽ വളരെ ഉത്സാഹിയായിരിക്കുന്നു. റിന്യൂവൽ മാസികയ്ക്കു വേണ്ടി അനുവദിച്ച അഭിമുഖത്തിൽ നിന്ന്.

**ജനനം, വിദ്യാഭ്യാസം?**

പഴഞ്ഞി തോലത്ത് വീട്ടിൽ ഉക്രുവിന്റെയും മറിയാമ്മയുടെയും മകനായി 1942-ൽ ജനനം. പ്രാഥമീക വിദ്യാഭ്യാസത്തിനു ശേഷം ഹിന്ദുസ്ഥാൻ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് വേദപഠനം.

**ഹിന്ദുസ്ഥാൻ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിലെ പഠനത്തിനു ശേഷം?**

വേദപഠനം നടത്തുക എന്ന ലക്ഷ്യം മാത്രമെ ഉണ്ടായിരുന്നുള്ളൂ. എന്നാൽ വേദ പഠനത്തിന്റെ ഭാഗമായി മിഷൻ ഫീൽഡ് സന്ദർശിക്കുവാൻ ജയ്പൂരിൽ പോകേണ്ടി വന്നു.

**ദൈവവിളി ?**

ജയ്പൂരിൽ സഹോ. കെ.സി. ജോണിനോട് ചേർന്ന് പ്രവർത്തിക്കുമ്പോൾ സ്വസ്തി ഗേറ്റിൽ തലപ്പാവോടുകൂടെ കാണപ്പെട്ട വളരെ വലിയ ജനകൂട്ടം മനസ്സിനെ പിടിച്ചുലച്ചു. അവരെല്ലാവരും നിത്യനാശത്തിലേക്ക് എന്ന ചിന്ത ഭരിച്ചു. തുടർന്ന് രാജസ്ഥാനിൽ പ്രവർത്തിക്കുക എന്നതാണ് ദൈവഹിതം എന്ന് തിരിച്ചറിയുകയും ചെയ്തു.

**പ്രവർത്തന സ്ഥലങ്ങൾ ?**

1967-ൽ ഉദയ്പൂരിൽ പ്രവർത്തനം ആരംഭിച്ചു. അവിടെ പ്രവർത്തിക്കുമ്പോഴാണ് മേഴ്സിയെ വിവാഹം കഴിച്ചത്. (പരേതനായ മധുര എം. ഇ. ചെറിയാന്റെ മകളാണ് മേഴ്സി). തുടർന്ന് പ്രവർത്തനം 1971-ൽ ജോഡ്പൂരിലേക്ക് മാറ്റി. ഇവിടെ തദ്ദേശീയരും, മലയാളികളും, ഇവിടങ്ങളിൽ ജോലിക്കുവന്ന മറ്റു സംസ്ഥാനക്കാരും രക്ഷിക്കപ്പെട്ടു. അവരെ വചനത്തിൽ ഉറപ്പിക്കുവാനും സാധിച്ചു. എയർ ഫോഴ്സ് സ്റ്റേഷൻ ഇവിടുള്ളതു കൊണ്ട് അവിടെയും ധാരാളം പ്രവർത്തിക്കുവാൻ സാധിച്ചു.



*ഭാര്യ മേഴ്സിയോടൊപ്പം*

**എതിർപ്പുകൾ ?**

ധാരാളം എതിർപ്പുകളും, ദേഹോപദ്രവങ്ങളും പല സമയത്തും നേരിടേണ്ടി വന്നിട്ടുണ്ട്. 2003-ൽ Y.M.E.F. ടീമിനോടു കൂടെ പാലികിൽ പ്രവർത്തിച്ചു കൊണ്ടിരുന്നപ്പോൾ സുവിശേഷ വിരോധികൾ കൂടെ ഉണ്ടായിരുന്ന എല്ലാവരെയും മർദ്ദിച്ചു. എന്നാൽ പ്രായാധിക്യം കാരണം എന്നെ അവർ വെറുതെ വിട്ടു.

**സന്തോഷം നൽകുന്ന കാര്യങ്ങൾ?**

രാജസ്ഥാന്റെ ആവശ്യത്തിന്റെ ചെറിയ ഒരു അംശം മാത്രം സുവിശേഷകരാണ് ഉള്ളതെങ്കിലും, പുതിയ സുവിശേഷകന്മാർ രാജസ്ഥാന്റെ ആവശ്യം കണക്കിലെടുത്ത് മുമ്പോട്ട് വരുന്നുണ്ട് എന്നുള്ളതും, ഉത്സാഹമായി പ്രവർത്തിക്കുന്നുണ്ട് എന്നുള്ളതും സന്തോഷം നൽകുന്ന കാര്യങ്ങളാണ്. മൂത്തമകൻ സ്റ്റീഫൻ കർത്താവിന്റെ വേലയോടുള്ള ബന്ധത്തിൽ ജോഡ്പൂരിൽ ആയിരിക്കുന്നതും സന്തോഷം നൽകുന്ന കാര്യമാണ്. (സ്റ്റീഫൻ അജ്മീറിൽ പ്രവർത്തനം ആരംഭിച്ചെങ്കിലും പിതാവിന് സൗഖ്യമില്ലാത്തതിനാൽ തിരിച്ച് ജോഡ്പൂരിലേക്ക് തിരിച്ചു വന്നു).

**യുവതലമുറയ്ക്ക് നൽകാൻ എന്തെങ്കിലും സന്ദേശം?**

പഴയ കാലങ്ങളിലെ പോലെ സുവിശേഷത്തിന് സ്വാതന്ത്രവും, സ്വാഗതവും ഇക്കാലങ്ങളില്ല. സമയം അധികമില്ല, കർത്താവിന്റെ വരവ് അടുത്തു, ആയതിനാൽ യുവാക്കൾ ലോക ചിന്തകളിൽ നിന്നും മാറി, സുവിശേഷ വേലയോടുള്ള ബന്ധത്തിൽ കുറെ സമയം കൂടെ ചിലവഴിക്കണം. മറിയ ചെയ്തതു പോലെ അവൾ തന്നാലവതു ചെയ്തു, കർത്താവിനു വേണ്ടി നമുക്ക് നമ്മളാലാവതു ചെയ്യാം. ദൈവത്തിനു കണക്ക് കൊടുക്കേണം എന്നുള്ള ചിന്തയും നമ്മളെ ഭരിക്കട്ടെ.

*—കുര്യൻ സി. ഐസക്ക്*

## പ്രകോപന ശുശ്രൂഷകർ

1 ശമുവേൽ 1-ാം അദ്ധ്യായത്തിൽ എൽക്കാന, ഹന്നാ, പെനിന്നാ എന്നിവരെപ്പറ്റി നമുക്ക് കാണാം. പെനിന്നെക്കു മക്കൾ ഉണ്ടായിരുന്നു. ഹന്നയ്ക്കോ മക്കൾ ഇല്ലായിരുന്നു. യഹോവ ഹന്നയുടെ ഗർഭം അടെച്ചിരുന്നു എന്ന് 5-ാം വാക്യത്തിൽ കാണുന്നു. അതു നിമിത്തം പെനിന്നാ ഹന്നയെ വ്യസനിപ്പിക്കാൻ തക്കവണ്ണം മുഷിപ്പിച്ചു. അങ്ങനെ ഹന്നാ കരഞ്ഞു പട്ടിണി കിടന്നു. മനോവ്യസനത്തോടെയുള്ള ഹന്നയുടെ പ്രാർത്ഥനാഫലമായി ദൈവം അവൾക്ക് നൽകിയ മകനാണല്ലോ ശമൂവേൽ പ്രവാചകൻ. ഇത്രയേറെ ഹന്ന അനുഗ്രഹിക്കപ്പെടാൻ കാരണം പെനിന്നയായിരുന്നു. പെനിന്നയെ നമുക്ക് പ്രകോപിപ്പിക്കുന്ന ശുശ്രൂഷ ചെയ്യുന്നയാൾ എന്ന് വിശേഷിപ്പിക്കാം. (Minister of provocation) എൽക്കാന 'ഞാൻ നിനക്കു പത്ത് പുത്രന്മാരെക്കാൾ നന്നല്ലയോ' എന്നു പറഞ്ഞത് കേട്ട് സമാധാനിക്കാൻ ഹന്ന തയ്യാറാകാതിരുന്നത് പ്രതിയോഗിയായ പെനിന്നയുടെ ശുശ്രൂഷ നിമിത്തമായിരുന്നു. തിരിഞ്ഞുനോക്കുമ്പോൾ പെനിന്നയെ ഓർത്ത് സ്തോത്രം ചെയ്യാൻ ഹന്നയ്ക്കു തീർച്ചയായും സാധിച്ചുകാണും. പ്രത്യേകിച്ച് ശമൂവേലിനെപ്പോലെ വലിയ ഒരു പ്രവാചകനെ മകനായി ലഭിച്ചതിനാൽ.

നമ്മുടെ ക്രിസ്തീയ ജിവിതത്തിലും വിഷമിപ്പിക്കുന്ന, മുഷിപ്പിക്കുന്ന അനേകർ ഉണ്ടായിരിക്കും. അവരെക്കുറിച്ച് ഓർക്കുമ്പോൾ എന്തു ചിന്തയാണ് നമുക്കുണ്ടാകുന്നത്? പ്രത്യേകിച്ചും ദയയില്ലാതെ ആളുകൾ നമ്മെ വിമർശിക്കുമ്പോൾ. ഹന്നയുടെ ജീവിതത്തിൽ നിന്നും നമുക്ക് ഒരു വലിയ പാഠം പഠിക്കാനുണ്ട്. നാം പ്രതിയോഗികൾ എന്നു ആരംഭത്തിൽ കരുതുന്നവർ നിമിത്തമാണ് നമ്മുടെ ജീവിതം ഇത്രയും ശരിയായത് എന്നു ശരിക്കും മനസ്സിലാകുമ്പോൾ അവരെയോർത്ത് സ്തോത്രം ചെയ്യാൻ നമുക്കിടയാകും. ഒരു സംവത്സരം കൂടി നമ്മെ വിട്ടുപോകുമ്പോൾ നമ്മെ വിഷമിപ്പിക്കുകയും പ്രകോപിപ്പിക്കുകയും ചെയ്തവർക്കായി പ്രാർത്ഥിക്കാനും അവരെ ഓർത്ത് നന്ദി പറയാനും സമയമെടുക്കുന്നത് നന്നായിരിക്കും. പ്രകോപനത്തിന്റേത് എന്നു നാം കരുതിയ അവരുടെ ശുശ്രൂഷ നിമിത്തം നമ്മുടെ ജീവിതം മെച്ചപ്പെടാനും കൂടുതൽ അനുഗ്രഹിക്കപ്പെടാനും ഇടയായില്ലേ? അവർ അതു ചെയ്തിരുന്നില്ലെങ്കിൽ നമുക്ക് വ്യത്യാസം വരുമായിരുന്നോ? ഇതുമതി എന്നു സമാധാനിച്ച് അനേക അനുഗ്രഹങ്ങൾ നമുക്ക് നഷ്ടമാകുമായിരുന്നില്ലേ. ഈ കാഴ്ചപ്പാടു ലഭിച്ചാൽ വാസ്തവമായും പ്രകോപന ശുശ്രൂഷകരെ ഓർത്ത് സ്തോത്രം ചെയ്യാൻ നമുക്കിടവരും. അങ്ങനെയെങ്കിൽ നമ്മുടെ ജീവിതം എത്രയോ അനുഗ്രഹിക്കപ്പെടും. പ്രകോപനശുശ്രൂഷ നമുക്ക് ഗുണമാക്കി കർത്താവ് തീർക്കുമെങ്കിലും നാം ആരെയും പ്രകോപിപ്പിക്കാൻ പോകരുത്. മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിച്ചാൽ മാത്രം മതിയാകും.

**— എഡിറ്റർ ഇൻ ചാർജ്**

## ചിൽഡ്രൻസ് ക്ലബ്



# യോപ്പയിലെ പേടമാൻ



*യോപ്പ എന്ന സ്ഥലത്തെ ഒരു ചെറിയ വീട്. അവിടെ തബീഥാ എന്നു പേരുള്ള ഒരു പെൺകുട്ടി താമസിച്ചിരുന്നു. തബീഥായ്ക്ക് എപ്പോഴും തിരക്കാണ്. അനേകം ആളുകൾ അവളെ തിരക്കി വരാറുണ്ടായിരുന്നു. എന്തിനാണെന്നറിയാമോ..... അവർ കൊണ്ടുവരുന്ന തുണികൾ ഉപയോഗിച്ച് നല്ല ഉടുപ്പുകളും കുപ്പായങ്ങളും ഒക്കെ ഉണ്ടാക്കുവാൻ. അതെല്ലാം തബീഥാ വളരെ ശ്രദ്ധയോടെ ചെയ്തു വന്നു. തബീഥാ എന്ന പേരിന്റെ അർത്ഥം പേടമാൻ എന്നാണ്. പേടമാൻ എപ്പോഴും തുള്ളിയും ചാടിയും ഓടുകയും ചെയ്യുന്ന ഒരു ഭംഗിയുള്ള മൃഗമാണ്. ഈ പേടമാനിനെപ്പോലെ തന്നെ തബീഥായും എപ്പോഴും പ്രവർത്തന നിരതയായ ഒരു ശിഷ്യ ആയിരുന്നു. കുഞ്ഞുങ്ങളേ, വെറുതെയിരിക്കുന്ന മനസ്സ് പിശാചിന്റെ വർക്ക്ഷോപ്പും എപ്പോഴും എന്തെങ്കിലും ചെയ്തുകൊണ്ടിരിക്കുന്ന മനസ്സ് ദൈവത്തിന്റെ പണിശാലയുമാണ്.*

*ഇങ്ങനെ ദിനരാത്രങ്ങൾ ഒന്നൊന്നായി കടന്നുപോയി യോപ്പയിലെ പേടമാൻ ദൈവകൃപ ധാരാളം അനുഭവിച്ചുകൊണ്ടേയിരുന്നു. എത്ര സന്തോഷമായ ഭവനം! എല്ലാവർക്കും അവളെ ഇഷ്ടവും അവൾക്ക് എല്ലാവരെയും ഇഷ്ടമായിരുന്നു. യേശു പറഞ്ഞു. നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കുന്നുവെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്ന് എല്ലാവരും അറിയും. (യോഹ. 13:35) നാം ദൈവത്തിന്റെ മക്കൾ (ശിഷ്യന്മാർ) ആണെങ്കിൽ നമുക്ക് തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടാകണം. അത് എല്ലാവരും അറിയും. അറിയണം. തബീഥാ എല്ലാവരെയും സ്നേഹിച്ചു. കാരണം ദൈവം അവളെ ആദ്യം സ്നേഹിച്ചു.*

*എന്നാൽ പെട്ടെന്ന് കാര്യങ്ങളെല്ലാം മാറി. പാവം ഈ തബീഥയ്ക്ക് ഏതോ രോഗം പിടിപെട്ടു. പക്ഷേ..... അവളുടെ അസുഖത്തിന് ശമനം ഉണ്ടായില്ല. അങ്ങനെ ഒരു ദിവസം തബീഥാ മരിച്ചു. എല്ലാവരും കരയുവാൻ തുടങ്ങി. അവർ തബീഥയെ ഒരു മാളിക മുറിയിൽ കിടത്തി. അപ്പോൾ ആരോ പറഞ്ഞു. ദൈവത്തിന്റെ ദാസനായ പത്രോസ് യോപ്പയ്ക്ക് സമീപം ലുദ്ദയിൽ ഉണ്ടെന്ന്. അവർ അവിടെ നിന്ന് പത്രോസിനെ വിളിച്ചു കൊണ്ടു വന്നു. അനന്തരം പത്രോസ് തബീഥയുടെ വീട്ടിലെത്തിയപ്പോൾ കണ്ട കാഴ്ച ഈറനണിയിക്കുന്നതായിരുന്നു. ചിലർ കരയുന്നു, ചിലരോ തബീഥാ ഉണ്ടാക്കിയ ഉടുപ്പുകളും കുപ്പായങ്ങളും ഒക്കെ കൊണ്ട് വന്ന് കാണിക്കുന്നു. തികച്ചും ദുഃഖസാന്ദ്രമായ സമയം. അപ്പോൾ പത്രോസ് ആ മുറിയിൽ ഉണ്ടായിരുന്നവരെയെല്ലാം പുറത്താക്കി. മുട്ടുകുത്തി പ്രാർത്ഥിച്ചു. എന്നിട്ട് മരിച്ചു കിടക്കുന്ന തബീഥയ്ക്ക് നേരെ തിരിഞ്ഞ് തബീഥായേ എഴുന്നേല്ക്ക എന്ന് പറഞ്ഞപ്പോൾ അവളുടെ കണ്ണുകൾ ഇതാ തുറന്നു വരുന്നു! എത്ര ആശ്ചര്യം! എന്നിട്ട് പത്രോസ് അവളെ എല്ലാവരുടെയും മുമ്പിൽ നിറുത്തി. ഈ വിവരം യോപ്പയിൽ എങ്ങും പ്രസിദ്ധമായി. ദൈവനാമം മഹത്വപ്പെട്ടു.*



*കുഞ്ഞുങ്ങളെ, തബീഥയുടെ ജീവിതത്തിൽ പത്രോസ ചെയ്ത അത്ഭുതം മുഖാന്തരം അനേകർ യേശുവിൽ വിശ്വസിച്ചു. നമ്മുടെ ജീവിതത്തിലും ചെയ്ത അത്ഭുതം നിമിത്തം അനേകർ ക്രിസ്തുവിൽ വിശ്വസിക്കണം. എന്താണ് ആ അത്ഭുതം! നാമും ആത്മീകരായി മരിച്ചവരായിരുന്നു. (എഫെ. 2:1) യേശു കർത്താവിനെ ഹൃദയത്തിൽ സ്വീകരിച്ചപ്പോൾ അവൻ നമ്മെ ഉയിർപ്പിച്ച് സ്വർഗ്ഗ സ്ഥലങ്ങളിലിരുത്തിയിരിക്കുന്നു. നമുക്ക് ജീവൻ നല്കി. നാം മരണത്തിൽ നിന്ന് ജീവനിലേക്ക് കടന്നിരിക്കുന്നു. ഇത് അനേകർ അറിയുകയും യേശുക്രിസ്തുവിൽ വിശ്വസിക്കുകയും ചെയ്യണം. എങ്ങും പ്രസിദ്ധമാകണം. മാത്രവുമല്ല നമ്മുടെ ജീവിതം അനേകർക്ക് മാതൃകയാകുകയും വേണം.*

**മന:പാഠവാക്യം**

*എഫെസ്യർ 2:1*

*അതിക്രമങ്ങളാലും, പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ഉയർപ്പിച്ചു.*

*എഫെസ്യർ 2:1.*

***ഏബ്രഹാം മാത്യൂസ്,***
***തിരുവനന്തപുരം.***

*1-ാം പേജിൽ നിന്ന് തുടർച്ച*

## രാജസ്ഥാനി...

ദൈവജനത്തെ ബുദ്ധിമുട്ടിച്ചത് മറക്കാറായിട്ടില്ല. അടുത്തയിടെ നടന്ന തെരഞ്ഞെടുപ്പിൽ അശോക് ഗെലോട്ട് മുഖ്യമന്ത്രിയായത് ദൈവജനത്തിന് ആശ്വാസമായിട്ടുണ്ട്. വളരെയേറെ മതേതര സ്വഭാവമുള്ള ഇപ്പോഴത്തെ മുഖ്യമന്ത്രിക്കായി പ്രാർത്ഥിക്കാൻ നാം കടപ്പെട്ടിരിക്കുന്നു. ഈ അനുകൂല സാഹചര്യത്തിൽ 'മാർവാരി' ബൈബിൾ ഉണ്ടാകാനുള്ള വെല്ലുവിളി ആർ ഏറ്റെടുക്കും?

**പ്രാദേശിക ബ്രദ്റൻ സഭകളുടെ ചരിത്രത്തിലാദ്യം 1994ൽ വി.ബി.എസ് സിലബസ്സ് പ്രസിദ്ധീകരിച്ചു ചൈൽഡ് ഇവാൻജലിസം മിനിസ്ട്രിയുടെ**

**5 DAY VBS**

**അവധിക്കാലം കുട്ടികൾക്ക് ആഘോഷിക്കുവാൻ**

**❖ പുത്തൻ പാട്ടുകൾ ❖ പുത്തൻ കഥകൾ**
**❖ പുത്തൻ ഗെയിംസ് ❖ എല്ലാം പുതിയത്**

**പുതിയ സുവിശേഷ മേഖലയിലേക്ക് സൗജന്യനിരക്കിൽ**

സഭകളായും വ്യക്തികളായും വി.ബി.എസ് സ്പോൺസർ ചെയ്യുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ വിലാസം.
**CEM**, PO Box-4, Kuttapuzha, Tiruvalla 689103, Tel. 0469-2601532, 2701165, 9447360417, 9496264838, 9947451375

ADVT

വാർത്തകൾ അയക്കേണ്ട വിലാസം: Thomas John, Hebron, Doctors Garden, Medical College P.O., Thiruvananthapuram, 695 011. Tel : 94473 41237 E-mail : thomasjohntvm@gmail.com, renewalvartha@gmail.com

റിന്യൂവൽ വിശ്വാസത്തിന്റെ ഒരു കാൽവെയ്പ്പാണ്. ദൈവം മനസ്സുണർത്തുന്നവർ സാമ്പത്തീക സഹകരണം താഴെ കാണുന്ന വിലാസത്തിൽ അയക്കുക.

ചെക്കുകളും ഡ്രാഫ്റ്റുകളും – Renewal, P.B.No. 2665, Broadway, Ernakulam - 31. എന്ന വിലാസത്തിലും. മണി ഓർഡറുകൾ – Shombay Poothuran, Renewal, Broadway P.O., Ernakulam - 682 031. എന്ന വിലാസത്തിൽ മാത്രവും അയക്കുക. Bank A/c. No. 21, North Malabar Gramin Bank, Main Branch, EKM. Ph : 0484-2365391

**ഒരു വർഷം ഇന്ത്യയിൽ ഈ മാസിക നിങ്ങളുടെ കൈയ്യിൽ എത്തിക്കുന്നതിന് കുറഞ്ഞത് 50 രൂപ. ചിലവ് പ്രതീക്ഷിക്കുന്നു. വിദേശത്തേക്ക് 500 രൂപ. സാമ്പത്തിക സഹകരണം എറണാകുളം അഡ്രസ്സിൽ മാത്രം അയയ്ക്കുക.**

**റിന്യൂവൽ ടീം:**
**തോമസ് ജോൺ (തിരുവനന്തപുരം), വർഗ്ഗീസ് ചാക്കോ (ബാംഗ്ലൂർ),**
**ജോൺ കുര്യൻ (കോട്ടയം), കെ. തോമസ് മാത്യു (തിരുവല്ല),**
**ജെയിംസ് വർഗ്ഗീസ് (തിരുവനന്തപുരം), ബാബു ജോൺ (നെയ്വേലി).**
**എഡിറ്റർ ഇൻ ചാർജ്ജ് – കെ. തോമസ് മാത്യു,**
**കൺസൽട്ടന്റ് എഡിറ്റർ – വർഗ്ഗീസ് ചാക്കോ,**
**ന്യൂസ് എഡിറ്റർ – തോമസ് ജോൺ,**
**ഫിനാൻസ് എക്സിക്യൂട്ടീവ് – ഷോംബെ പുത്തൂരാൻ**
**പ്രൊമോഷണൽ കോ-ഒർഡിനേറ്റർ – റെജി മാത്യു**
**പബ്ലിഷർ – ടെൻസൻ ജോസഫ്.**

# ? ചോദ്യവേദി

ചോദ്യവേദിയിലൂടെ നിങ്ങളുടെ സംശയങ്ങൾക്ക് ഉത്തരവും, ആവശ്യമുള്ള മാർഗ്ഗനിർദ്ദേശവും നൽകുന്നതാണ്. ഈപ്രാവശ്യം പൊതുവായ ഒരു ചോദ്യത്തിനാണ് ഉത്തരം നൽകിയിരിക്കുന്നത്. യൂത്ത് ഗൈഡ്, കുടുംബവേദി, ആരോഗ്യരംഗം, നിയമവും നമ്മളും തുടങ്ങിയവയുമായി ബന്ധപ്പെട്ടതും മറ്റു പൊതുപ്രയോജനം ചെയ്യുന്ന ചോദ്യങ്ങളും ചോദിക്കാം. അതാത് മേഖലകളിൽ പ്രാവിണ്യം തെളിയിച്ച സഹോദരീസഹോദരന്മാരായിരിക്കും ഉത്തരം നൽകുക. റിന്യൂവൽ നയമനുസരിച്ചല്ലാത്ത ചോദ്യങ്ങൾ പരിഗണിക്കുന്നതല്ല. ചോദ്യങ്ങൾ അയക്കേണ്ട വിലാസം – The News Editor, Renewal, MRA 19A, Madathuvila Lane, Medical College P.O., Trivandrum - 695011.

**? അമ്മയുടെ ജീവന് അപകടമാകുന്ന നിലയിലാണ് ഗർഭസ്ഥ ശിശുവിന്റെ സ്ഥിതിയെങ്കിൽ ഗർഭഛിദ്രം ചെയ്യുന്നതിൽ തെറ്റുണ്ടോ?**

● മാനുഷികമായി വളരെ ചിന്താകുഴപ്പമുണ്ടാക്കുന്ന ഒരു ചോദ്യമാണിത്. ഒരിക്കലും കണ്ടിട്ടില്ലാത്ത കുഞ്ഞിനു വേണ്ടി അമ്മയുടെ ജീവൻ പണയം വെക്കണമോ; അതോ വളരെ ആഗ്രഹിച്ചിരുന്ന കുഞ്ഞിനെ വേണ്ടന്നു വെക്കണമോ? ഇങ്ങനെ ചിന്തിക്കുമ്പോൾ ശരിയായ ഒരു തിരുമാനത്തിലെത്തുവാൻ സാധിക്കില്ല. എന്നാൽ അവസാനം കുഞ്ഞിനെ കൊന്നു കളയുക എന്ന തീരുമാനത്തിലെത്താനാണ് സാധ്യത. ഒറ്റ വാക്കിൽ ഉത്തരം പറഞ്ഞാൽ ഗർഭസ്ഥ ശിശുവിനെ നശിപ്പിക്കുന്നത് തെറ്റാണ്. ഇനി ഒരു മറു ചോദ്യം :- ഗർഭസ്ഥ ശിശുവിനെ നശിപ്പിച്ചു കളഞ്ഞുവെന്നിരിക്കട്ടെ! അമ്മയുടെ ജീവൻ രക്ഷിക്കാമെന്ന് എന്താണ് ഉറപ്പ്. ജീവന്റെ മേൽ അധികാരം മനുഷ്യനില്ല. അത് ദൈവത്തിന്റെ അധികാരത്തിൽപ്പെടുന്ന കാര്യമാണ്. ദൈവം ചെയ്യേണ്ടത് മനുഷ്യൻ ചെയ്താൽ അതിനെ കൊലപാതകം എന്നല്ലാതെ എന്താണ് വിളിക്കേണ്ടത്. പൂർണ്ണ ആരോഗ്യവതിയെന്ന് ഡോക്ടർമാർ ഉറപ്പ് തന്ന എത്രയോ അമ്മമാർ പ്രസവസമയത്ത് മരിച്ചു. അതുകൊണ്ട് ഇങ്ങനെയുള്ള തീരുമാനങ്ങൾ ദൈവത്തിന് വിടുകയെന്നതാണ് നമുക്കുത്തമം.

സാധാരണ ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ബന്ധുമിത്രാദികളിൽ നിന്ന് കുഞ്ഞിനെ നശിപ്പിച്ചു കളയുവാനുള്ള ശക്തമായ സമ്മർദ്ദം ഉണ്ടായെന്നു വരാം. ഈ അവസരത്തിൽ കുഞ്ഞിന്റെ പിതാവിന് ഉണ്ടാകുന്ന ചിന്താകുഴപ്പം ചെറുതല്ല. കാരണം, കുഞ്ഞിനെ നശിപ്പിക്കില്ല എന്ന് തിരുമാനിച്ച് മുന്നോട്ടു പോയി. അമ്മയുടെ ജീവന് അപകടം പറ്റിയാൽ ജീവിതകാലം മുഴുവനും പഴിയേൽക്കേണ്ടിവരും. അപ്പോൾ പിന്നെ സമ്മർദ്ദങ്ങൾക്ക് കീഴടങ്ങി തെറ്റായ തീരുമാനത്തിലെത്തുകയെന്നതാണ് ഏക മാർഗ്ഗം. എന്നാൽ ഇവിടെ ചെയ്യേണ്ടത്, മാനുഷീക പരിഗണനകളെ മാറ്റി നിർത്തി ദൈവത്തിൽ ആശ്രയിക്കുക എന്നതാണ്.

**ഇക്കാര്യത്തിൽ അനുവർത്തിക്കാവുന്ന ചില കാര്യങ്ങൾ**

അമ്മയുടെ ജീവനെ പ്രതി ആകുലപ്പെടുന്നവരെ ആശ്വസിപ്പിക്കുകയും ഇക്കാര്യങ്ങൾ ദൈവത്തിന് വിടണം എന്ന് ധൈര്യപ്പെടുത്തുകയും വേണം.

കുടുംബാംഗങ്ങൾ എല്ലാവരും ചേർന്ന് രണ്ട് ജീവനു വേണ്ടിയും മുട്ടിപ്പായി ദൈവസന്നിധിയിൽ പ്രാർത്ഥിക്കുവാൻ സമയം കണ്ടെത്തണം.

അമ്മയെയും ധൈര്യപ്പെടുത്തുകയും പിതാവും കുടുംബാംഗങ്ങളും പ്രാർത്ഥനയോടെ പിന്നിലുണ്ടെന്ന് അറിയുകയും വേണം.

നല്ലതു വരാൻ തെറ്റായ കാര്യം ചെയ്യണമെന്നത് വചനാനുസരണമല്ല. അതിനാൽ പ്രാർത്ഥനയോടെ ദൈവസന്നിധിയിൽ മുട്ട് മടക്കുക.

*ജെയിംസ് വർഗ്ഗീസ്, തിരുവനന്തപുരം*

**YOUTH GUIDE**

# പരാജയം

ജീവിതത്തിൽ തോൽവി സംഭവിക്കാത്ത ആരെങ്കിലും ഈ ഭൂമുഖത്തുണ്ടോ? ആരും തന്നെയില്ല. ഏൽപിക്കപ്പെട്ട ദൗത്യം കൃത്യസമയത്ത് പൂർത്തിയാക്കുന്നതിൽ എല്ലാവരും തന്നെ പരാജയപ്പെട്ടിട്ടുണ്ടാകാം. പരാജയം ജീവിതത്തിൽ സംഭവിക്കുന്ന ഒരു യാഥാർത്ഥ്യമാണ്. ഇതുവരെയുള്ള ജീവിതത്തിൽ തോൽവി സംഭവിച്ചിട്ടുണ്ടാകാം. അല്ലെങ്കിൽ നാളെ അത് അഭിമുഖീകരിക്കേണ്ടിയും വരാം!

പരാജയത്തെ ഭയന്ന് പലരും ദൗത്യങ്ങളെ ഏറ്റെടുക്കാത്തത് പൊതുവേ കണ്ടുവരുന്ന കാര്യമാണ്. സാധാരണയായി ഒരു പരാജയം നേരിടുമ്പോൾ നിരാശയിലേക്കും, പിന്നീട് ഉദ്ദേശ ലക്ഷ്യത്തിൽ നിന്നുള്ള പിൻമാറ്റവുമാണ് സംഭവിക്കുന്നത്. ഒരു കാര്യം മനസ്സിലാക്കുക, പരാജയം സംഭവിക്കുമ്പോൾ അവിടെ തോൽക്കുന്നത് ഞാനല്ല, ഞാൻ ചെയ്ത ഒരു കാര്യം മാത്രമാണ്.

തോൽവി സംഭവിക്കുന്നത് നമ്മുടെ കഴിവുകേട് കൊണ്ടല്ല, ഒരു പക്ഷെ നാം എടുക്കുന്ന തെറ്റായ തീരുമാനങ്ങളോ, അനുകൂലമല്ലാത്ത സാഹചര്യങ്ങളോ ആയിരിക്കാം കാരണം. പരാജയം സംഭവിച്ചാൽ "ഇത് എന്റെ വിധി" എന്ന് പറഞ്ഞ് അതിൽ തന്നെ വീണു കിടക്കുന്നതും, അതിൽ നിന്ന് പാഠം ഉൾക്കൊള്ളുവാൻ കഴിയാത്തതും പരാജയമാണ്.

പരാജയം വിജയത്തിന് ഒരു ചവിട്ടു പടിയാണ്. ബൾബ് കണ്ടുപിടിച്ച മഹാനായ ശാസ്ത്രജ്ഞൻ തോമസ് ആൽവാ എഡിസൻ 999 പ്രാവശ്യം പരാജയപ്പെട്ടതിനു ശേഷമാണ് വിജയത്തിലെത്തിയത്. അതിനു ശേഷം അദ്ദേഹം പറഞ്ഞതിങ്ങനെയാണ്. "ബൾബ് കണ്ടുപിടിക്കുന്നതിൽ 999 പ്രാവശ്യം ഞാൻ തോറ്റു എന്നല്ല, 999 പ്രാവശ്യം എങ്ങനെ പ്രവർത്തിപ്പിച്ചാൽ ബൾബ് കത്തില്ല എന്ന് ഞാൻ കണ്ടെത്തുകയായിരുന്നു" പരാജയപ്പെടുമ്പോൾ ഈ വിധത്തിൽ 'പോസിറ്റീവ്' ആയി ചിന്തിക്കുന്നത് ലക്ഷ്യത്തിലേക്കുള്ള യാത്രയിൽ പ്രയോജനം ചെയ്യും.

**പരാജയത്തിൽ നിന്ന് വിജയത്തിലേക്കുള്ള വഴികൾ.....**

● പരാജയം സംഭവിക്കുമ്പോൾ മറ്റുള്ളവരെയോ, സാഹചര്യങ്ങളെയോ പഴിചാരാതെ യാഥാർത്ഥ്യം മനസിലാക്കി തോൽവി സ്വയം ഏറ്റെടുക്കുക.

● തോൽവിയുടെ കാരണങ്ങൾ ആത്മാർത്ഥമായി അവലോകനം ചെയ്യുക-ഭയം (Fear), അമിതവിശ്വാസം (Over Confidence), രോഗം (Sickness), മടി (Laziness), ബുദ്ധിമുട്ട് (Too Hard) എന്നിവ....

● പരാജയത്തിനുള്ള കാരണങ്ങളെ അടിസ്ഥാനമാക്കി പരിഹാരം കണ്ടെത്തി, വിജയമാക്കി തീർക്കുക.

വിജയമായിരിക്കണം നമ്മുടെ ലക്ഷ്യം. എന്നാൽ വിജയത്തിന് 90 ശതമാനം ചെയ്യുന്ന കാര്യത്തോടുള്ള സ്ഥിരോത്സാഹവും, 10 ശതമാനം കഴിവുമാണ് അടിസ്ഥാനം. (Success is 90% Attitude and 10% Aptitude).

കർത്താവ് നമ്മെ എടുത്ത് ഉപയോഗിക്കണമെങ്കിൽ നമ്മെ തന്നെ ദൈവസന്നിധിയിൽ താഴ്ത്തി, കുറവുകളെ ഏറ്റു പറഞ്ഞ് ദൈവഭക്തിയോടെ മുന്നോട്ട് പോകുക. ദൈവം നമ്മെ ജീവിത വിജയത്തിലേക്ക് കൈ പിടിച്ചു നടത്താം.

— എസ്.പി, എറണാകുളം.

# ഫെസ്റ്റിവൽ ഓഫ് പീസ്






*ബില്ലിഗ്രഹാമിന്റെ കൊച്ചുമകൻ വിൽഗ്രഹാം പ്രസംഗിക്കുന്നു. എം.എം. സഖറിയ, പാസ്റ്റർ ടി.എസ്. എബ്രഹാം, ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ, ഡോ. റോബർട്ട് കൺവിൽ തുടങ്ങിയവർ വേദിയിൽ. പരിഭാഷ കെ. തോമസ് മാത്യു.*

തിരുവല്ലായിൽ നടന്ന ഫെസ്റ്റിവൽ ഓഫ് പീസ് അനുഗ്രഹകരമായി പര്യവസാനിച്ചു. മൂന്നു ദിവസങ്ങളിലായി നടന്ന സുവിശേഷ യോഗങ്ങളിൽ ആയിരക്കണക്കിനാളുകൾ പങ്കെടുത്തു. ഡോ. ബില്ലി ഗ്രഹാമിന്റെ കൊച്ചുമകൻ വിൽ ഗ്രഹാം പ്രസംഗിച്ചു. ഏതാണ്ട് 800ലധികം പേർ തീരുമാനമെടുത്ത് മുമ്പോട്ടു വന്നു. ഫോളോ അപ്പ് പ്രവർത്തനങ്ങൾ സഹോ. സാം മാത്യൂസിന്റെ നേതൃത്വത്തിൽ നടന്നു വരുന്നു. വിവിധ സഭാ വിഭാഗങ്ങളുടെ സഹകരണത്തിൽ ബില്ലി ഗ്രഹാം ഇവാൻജലിസ്റ്റിക് അസോസിയേഷൻ നടത്തിയ ഈ യോഗങ്ങളുടെ രക്ഷാധികാരിമാരിൽ ഒരാൾ കർതൃദാസൻ എം.എം. സഖറിയ ആയിരുന്നു.

# ഗ്രേസ് കൗൺസലിംഗ്

ഗ്രേസ് കൗൺസലിംഗ് ഇന്ത്യ (ജി.സി.ഐ.) 2009 ഏപ്രിൽ 14 മുതൽ മെയ് 18 വരെ ഒരു മാസത്തെ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്നു. ഇംഗ്ലീഷാണ് മാധ്യമം. കോട്ടയത്തുള്ള ജി.സി.ഐ. കേന്ദ്രത്തിൽ താമസിച്ചു കൊണ്ടുള്ള പഠനമാണിത്. ബൈബിൾ അടിസ്ഥാനത്തിൽ ക്രിസ്തു കേന്ദ്രീകൃതമായ പരിശീലനമാണിത്. ബൈബിൾ തത്വങ്ങളുമായി ചേർച്ചയുള്ള കൗൺസലിംഗ് തന്ത്രങ്ങളും ആധുനിക മനഃശ്ശാസ്ത്ര കാഴ്ചപ്പാടുകളും ഈ പഠനത്തിൽ സമന്വയിച്ചിട്ടുണ്ട്.

പ്രോസ്പെക്ടസിനും അപേക്ഷാ ഫോറത്തിനും സ്വന്തം മേൽവിലാസമെഴുതി സ്റ്റാമ്പൊട്ടിച്ച കവർ സഹിതം എഴുതണം.

മേൽവിലാസം : ഗ്രേസ് കൗൺസലിംഗ് ഇന്ത്യ, ഗാന്ധിനഗർ പി.ഒ., കോട്ടയം – 686008, കേരളം. ഫോൺ – 0481 – 2591843, 2595094 (ഓഫീസ്), Mob : 9446190076, E-mail : gcicentre@gmail.com.

**നവദമ്പതികൾ**



അങ്കമാലി പടിഞ്ഞാറേ സഭാംഗം പി.റ്റി. ഡാനിയേലിന്റെ മകൻ ***ജോമോനും*** മണ്ണുത്തി വടക്കുംകര ലോനപ്പന്റെ മകൾ ***സ്റ്റെഫിയും***


**ചൈൽഡ് ഇവാൻജലിസം ക്യാപ്സ്യൂൾ ട്രെയിനിംഗ് പ്രോഗ്രാം**

ജീവിത ദർശനത്തെ രൂപാന്തരപ്പെടുത്തുന്ന ത്രിദിന പരിശീലന പരിപാടി.
2009 ഫെബ്രുവരി 21,22,23 തീയതികളിൽ ചുമത്ര ബ്രദറൻ സഭാ ഹാൾ, തിരുവല്ല.

**ആർക്കൊക്കെ പങ്കെടുക്കാം** → കുഞ്ഞുങ്ങളുടെ ഇടയിലെ സുവിശേഷ വേലയിൽ തൽപരരായ വിശ്വാസികളായ മാതാപിതാക്കൾ, സണ്ടേസ്കൂൾ അദ്ധ്യാപകർ, സുവിശേഷ പ്രവർത്തകർ......... വി.ബി.എസ്, ചിൽഡ്രൻസ് ക്ലബ് തുടങ്ങിയ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ താൽപര്യപ്പെടുന്ന സഹോദരീ സഹോദരന്മാർ.................

**● വർക്ക് ഷോപ്പുകൾ ● മാതൃകാ ക്ലാസ്സുകൾ ● പപ്പറ്റ് ഷോ**

**അന്തർദ്ദേശിയ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശീലനം നേടിയവരും ഇന്ത്യയിലും വിദേശ രാജ്യങ്ങളിലും പരിശീലനം നൽകുന്നവരുമായ സഹോദരന്മാർ നേതൃത്വം നൽകുന്നു.**

**എത്രയും വേഗം രജിസ്റ്റർ ചെയ്യുക, താമസ സൗകര്യം ലഭ്യമാണ്.**

വിലാസം: CEM, P.O. Box 4, Kuttappuzha, Tiruvalla - 689103, e-mail : cemkerala@gmail.com
Tel 0469 - 2601532, 2701165, 9447360417, 9496264838, 9947451375.

ADVT


# വിവാഹവേദി

അനേക യുവതീയുവാക്കൾക്ക് അനുയോജ്യരായ പങ്കാളികളെ കണ്ടെത്താൻ അവരുടെ മാതാപിതാക്കളേയും ബന്ധുക്കളേയും സഹായിക്കാ നുള്ള ഒരു സൗജന്യ ശുശ്രൂഷയാണ് – 'വിവാഹവേദി'. വിവാഹം ദൈവഹിത പ്രകാരം നടക്കണം. ഭൗതീക താൽപര്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന പരസ്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതല്ല. **റിന്യൂവൽ വരിക്കാരുടെ പരസ്യങ്ങളേ സൗജന്യമായി പ്രസിദ്ധീകരിക്കുകയുള്ളു. അല്ലാത്തവയ്ക്ക് ന്യൂസ് എഡിറ്ററുമായി ബന്ധപ്പെടുക.** പരസ്യങ്ങൾ തരുന്നവർ പേരും മേൽവിലാസവും അറിയിക്കണം.

**WANTED BRIDE GROOM**

**RM No : 886 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 23 വയസ്സ് 5'3' ഉയരം. B.Tech. ലക്ച്ചറർ.

**RM No : 887 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 26 വയസ്സ് 5'2" ഉയരം. B.Sc. Nurse. ബാംഗ്ലൂരിൽ ജോലി.

**RM No : 888 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി. 24 വയസ്സ് 5'3" ഉയരം. ജനറൽ നേഴ്സ്, ബാംഗ്ലൂരിൽ ജോലി.

**RM No : 889 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി. 24 വയസ്സ് 5'1" ഉയരം. BOT (Bachelor of Occupational Therapist), കോയമ്പത്തൂരിൽ ജോലി.

**RM No : 890 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി. 22 വയസ്സ് 5'2" ഉയരം. GNM Staff Nurse

**RM No : 891 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി. 26 വയസ്സ് 5'5" ഉയരം. GNM, അയർലന്റിൽ ജോലി. ഉടൻ അവധിക്കു വരുന്നു

**WANTED BRIDE**

**RM No : 892 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 29 വയസ്സ് 5'9" ഉയരം. GNM ഗൾഫിൽ ജോലി.

**RM No : 893 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 27 വയസ്സ് 5'11" ഉയരം. B.A., IATA. ഗൾഫിൽ ജോലി.

**RM No : 894 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 29 വയസ്സ് 5'6" ഉയരം. B.Tech. ചെന്നൈയിൽ ജോലി.

**RM No : 895 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 28 വയസ്സ് 5'8" ഉയരം. Pharmacist. ഓസ്ട്രേലിയയിൽ ജോലി.

**RM No : 896 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 28 വയസ്സ് 5'4" ഉയരം. അപ്പോൾസ്റ്ററി വർക്കർ.

**RM No : 897 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 26 വയസ്സ് 5'9"ഉയരം. Health Information Management. അമേരിക്കയിൽ ജോലി.

**RM No : 898 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 30 വയസ്സ് 6' ഉയരം. ഗൾഫിൽ സ്വന്തമായി ബിസിനസ്സ്. അവധിക്ക് നാട്ടിൽ വന്നിരിക്കുന്നു.

**RM No : 899 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 27 വയസ്സ് 5'9"ഉയരം. MSW.വടക്കെ ഇന്ത്യയിൽNGO Project Manager.

വിവാഹ വേദിയിലെ അന്വേഷണങ്ങൾ ബന്ധപ്പെട്ടവർക്ക് എത്തിക്കുന്നതാണ്. തുടർന്നുള്ള കാര്യങ്ങൾക്ക് നേരിട്ടേർപ്പെടുക. വിവാഹ വേദിയിലെ അന്വേഷണങ്ങൾക്ക് പകൽ 10 മുതൽ 5 വരെ 0484 2432896 എന്ന നമ്പറിൽ ബന്ധപ്പെടുക.

### കൺവൻഷൻ

ശബരി മാങ്കൽ ബ്രദ്റൻ സഭകൾ ചേർന്ന് എല്ലാവർഷവും നടത്തി വരുന്ന കൺവൻഷൻ ഫെബ്രുവരി 3 മുതൽ 8 വരെ തെള്ളിയൂർ ബ്രദ്റൻ സഭാ ഗ്രൗണ്ടിൽ വെച്ച് നടക്കുന്നു. കൺവൻഷനോടനുബന്ധിച്ച് വിവിധ സമ്മേളനങ്ങളും നടക്കും.

### കുന്നുക്കുരുടി

കുന്നുക്കുരുടി കൺവൻഷൻ ഫെബ്രുവരി 5 മുതൽ 8 വരെ വൈകിട്ട് 6.30 മുതൽ സഭാങ്കണത്തിൽ നടക്കും.

### അഭ്യർത്ഥന,കുലശേഖരം സഭ

കന്യകുമാരി ജില്ലയിലെ കുലശേഖരത്ത് തിരുവനന്തപുരത്തെ ചില സഭകളുടെ സഹകരണത്തിൽ കഴിഞ്ഞ മൂന്ന് വർഷങ്ങൾ പ്രവർത്തിച്ചതിന്റെ ഫലമായി സഭാ കൂടിവരവ് ആരംഭിച്ചു. തദ്ദേശിയരായ ചിലർ മുന്നോട്ടുവരികയും സ്നാനപ്പെട്ട് സഭയോടു ചേരുകയും ചെയ്തു. കൃഷിക്കും, കച്ചവടത്തിനുമായി മദ്ധ്യതിരുവിതാംകൂറിൽ നിന്ന് കുടിയേറിയ മലയാളികൾ തിങ്ങിപാർക്കുന്ന സ്ഥലമാണ് കുലശേഖരം. 35ഓളം പേർ കൂടിവരുന്ന സഭായോഗം ഇപ്പോൾ ഒരു ചെറിയ വാടക കെട്ടിടത്തിലാണ് നടക്കുന്നത്. വളർന്നുകൊണ്ടിരിക്കുന്ന ഈ സഭയ്ക്ക് ഒരു സഭാഹാൾ അത്യാവശ്യമായി വന്നിരിക്കുകയാണ്. ഇപ്പോൾ പട്ടണത്തിന്റെ ഒരു പ്രധാന സ്ഥലത്ത് 10 സെന്റ് സ്ഥലം 7.5 ലക്ഷം രൂപയ്ക്ക് വാങ്ങിക്കുവാൻ 25,000 രൂപ അഡ്വാൻസ് കൊടുത്ത് രണ്ടു മാസത്തെ അവധിക്ക് കരാർ എഴുതിയിരിക്കുകയാണ്. ഈ ആവശ്യത്തിലേക്കായി ദൈവജനത്തിന്റെ സഹായ സഹകരണം അഭ്യർത്ഥിക്കുന്നു. സാമ്പത്തീക സഹായം ഇന്ത്യൻ ഓവർസീസ് ബാങ്ക്, കുലശേഖരം ബ്രാഞ്ച്, അക്കൗണ്ട് നമ്പർ 28624 ചെക്കായോ, ഡ്രാഫ്റ്റായോ അയക്കുക. വിലാസം Brethren Assembly, C/o. M. Rajesh, Kulasekharam P.O., Kanyakumari, TamilNadu - 629161.

### സഹായം അഭ്യർത്ഥിക്കുന്നു

തിരുവനന്തപുരം ചെങ്കൽചൂള ബ്രദ്റൻ സഭാംഗം ജോണി സെൽവി ഒരു വീടിനു വേണ്ടി സഹായം അഭ്യർത്ഥിക്കുന്നു.

കഴിഞ്ഞ 10 വർഷമായി ബ്രദ്റൻ കൂട്ടായ്മയിൽ നല്ല സാക്ഷ്യം പുലർത്തിവരുന്നവരാണ് ജോണി സെൽവിയും കുടുംബവും. ചെങ്കൽചൂള കോളനിയിൽ ഒരു ചെറിയ ഓലഷെഡിലാണ് താമസ്സം. എന്നാൽ ഇപ്പോൾ കോർപ്പറേഷൻ അധികാരികൾ എത്രയും വേഗം ഈ താൽക്കാലിക ഷെഡ് പൊളിച്ചു മാറ്റി കൊടുക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. ആയതിനാൽ ഒരു ഭവനം ഇവർക്കു അത്യാവശ്യമാണെന്നു സഭയ്ക്കും ബോദ്ധ്യമുള്ളതാണ്. കൂലിപ്പണി ചെയ്തു ജീവിക്കുന്ന ഇവർക്ക് മറ്റു യാതൊരുവിധ വരുമാന മാർഗ്ഗം ഇല്ലാത്തതു കൊണ്ടും ഒരു ഭവനം അത്യാവശ്യമായി ലഭിക്കുവാൻ ദൈവ മക്കളുടെ പ്രാർത്ഥനയും കൂട്ടായ്മയും നൽകി സഹായിക്കണമെന്നു കർത്തൃനാമത്തിൽ അഭ്യർത്ഥിക്കുന്നു. സഭക്കു വേണ്ടി സുവിശേഷകൻ, എൽ. യോഹന്നാൻ. വിലാസം – ജോണി സെൽവി, രാജാജി നഗർ, F.No. 11 ചെങ്കൽചൂള, തിരുവനന്തപുരം, ഫോൺ – 9249902971.

### കമന്റേഷൻ

പള്ളിക്കുത്ത് സഭയിലെ സഹോദരൻ റ്റിജുമോൻ ചാക്കോ 1987ൽ രക്ഷിക്കപ്പെടുകയും 1993ൽ സ്നാനപ്പെടുകയും തുടർന്ന് സഭയോട് ചേർന്ന് കർത്താവിനെ

## നമുക്കു ചുറ്റും

ആരാധിച്ചും പോന്നിരുന്നു. തന്റെ വിദ്യാഭ്യാസത്തിനു ശേഷം ജോലിയോടുള്ള ബന്ധത്തിൽ ബാംഗ്ലൂരിൽ ആയിരിക്കുകയും ആ നാളുകളിൽ അവിടെയുള്ള എബനേസർ ബ്രദ്റൻ സഭയിൽ കർത്താവിനെ ആരാധിച്ചും പോന്നു. അവിടെ വെച്ച് പൂർണ സമയ സുവിശേഷ വേലയ്ക്കുവേണ്ടിയുള്ള കർത്താവിന്റെ വിളി അനുസരിച്ച് തന്റെ ജോലി വിടുകയും, ദൈവവചന പഠനത്തിനുവേണ്ടി പത്തനംതിട്ട ബ്രദ്റൻ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്ന് പഠിക്കുകയും ചെയ്തു. തന്റെ പഠനം പൂർത്തീകരിച്ചതിനു ശേഷം ഇപ്പോൾ മാതൃ സഭയായ പള്ളിക്കുത്ത് ബ്രദ്റൻ സഭയിൽ അവിടെയുള്ള പ്രവർത്തനങ്ങളിൽ സഹകരിച്ച് മുൻപോട്ട് പോകുന്നു. പ്രിയ സഹോദരന്റെ പ്രവർത്തനങ്ങൾ സഭയ്ക്ക് ബോധ്യപ്പെടുകയും സഭ തന്നെ പൂർണസമയ സുവിശേഷകനായി അംഗീകരിച്ച വിവരം സന്തോഷത്തോടെ ദൈവജനത്തെ അറിയിക്കുന്നു. സഭയ്ക്കു വേണ്ടി, എൽ.എം. ജോൺ, ഒ.വി. ജോർജ്ജ്, എം.എസ്. ശാമുവൽ. സഹോദരന്റെ വിലാസം Evg. Tijumon Chacko, Lahamannil House, Pallikkuth P.O., Chungathara, Nilambur, Malappuram Dt., Kerala, India - 679334.

### ഇവാഞ്ചലിക്കൽ ലിറ്ററേച്ചർ മിനിസ്ട്രി

വിവിധ ഭാഷകളിൽ ലഘുലേഖകളും പുസ്തകങ്ങളും അച്ചടിച്ച് വിതരണം ചെയ്തു കൊണ്ടിരിക്കുന്ന ഇവാഞ്ചലിക്കൽ ലിറ്ററേച്ചർ മിനിസ്ട്രിയുടെ പ്രവർത്തനങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുക. പ്രവർത്തനങ്ങൾ വിലയിരുത്താനും, തുടർപ്രവർത്തനങ്ങൾ ആലോചിക്കുവാനുമായി കഴിഞ്ഞ നവംബറിൽ ഭരണ സമിതി യോഗം എറണാകുളത്ത് നടന്നു. ഭാരതത്തിലെ സുവിശേഷ പ്രവർത്തനങ്ങൾക്ക് ശക്തിയായ പിന്തുണയാണ് ഇവാഞ്ചലിക്കൽ ലിറ്ററേച്ചർ മിനിസ്ട്രി നൽകുന്നതെന്നും, തുട ർന്നും വിവിധ ഭാഷകളിലേക്കും കടന്നുപോകേണ്ടതുണ്ടെന്നും യോഗത്തിൽ അദ്ധ്യക്ഷനായ സഹോ. പി.റ്റി. ജോൺ പറഞ്ഞു. കഴിഞ്ഞ വർഷത്തെ പൊതു വിവ രണം സെക്രട്ടറി നൽകി. കഴിഞ്ഞ വർഷങ്ങളെക്കാൾ പ്രിന്റിങ്ങ് ചിലവ് വർദ്ധിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ ഈ പ്രവർത്തനങ്ങൾക്കു വേണ്ടി ദൈവജനം പ്രാർത്ഥിക്കുകയും, സഹകരിക്കുകയും ചെയ്യണമെന്ന് സെക്രട്ടി അറിയിച്ചു.

വിലാസം – Evangelical Literature Ministry, C/o. Babukutty Thomas, (Secretary), Elimullil, Ebenezer, Boat Jetty Road, Vaduthala P.O., Kochi - 682 023.

## മഹത്വത്തിൽ



അങ്കമാലി പടിഞ്ഞാറെ സഭാംഗം കൊച്ചുമലയിൽ അച്ചാമ്മ ജോൺ (82) 9.01.09ന് കർതൃസന്നിധിയിലേക്ക് പ്രവേശിച്ചു. അങ്കമാലി തേലപ്പിള്ളിൽ കുടുംബാംഗമാണ്. മക്കൾ – സാമുവൽ, മോളി, ലിസി, ഡയ്സി, ജോണി, ലീന, ജെസി, ജിജി.

## ശിഷ്യത്വ പരിശീലനം മെയ് 20 മുതൽ 29 വരെ തിരുവല്ലായിൽ

10 ദിവസത്തെ തീവ്രപരിശീലന പരിപാടി, വലിയ നിയോഗത്തിൽ താൽപ്പര്യമുള്ള ആർക്കും പങ്കെടുക്കാം. യുവതീയുവാക്കൾക്കു മുൻഗണന. ഇപ്പോൾ മിഷൻ ഫീൽഡിലുള്ളവർക്കു ദർശനം പുതുക്കാനും, ബാറ്ററി ചാർജ് ചെയ്യാനുമുള്ള ഇടവേള. താമസസൗകര്യം ലഭ്യമാണ്. ആത്മീക ദർശനം, കുടുംബജീവിതം, സഭാപരിപാലനം, വിശ്വാസജീവിതം, അടിസ്ഥാന ഉപദേശ സത്യങ്ങൾ, കാര്യവിചാരകത്വം, ഫലപ്രദമായ മിഷൻ പ്രവർത്തനങ്ങൾ, ആശയവിനിമയം, കുട്ടികൾ, യുവജനങ്ങൾ ഇവരുടെ ഇടയിലെ പ്രവർത്തനങ്ങൾ, ശക്തമായ പ്രാർത്ഥനാജീവിതം തുടങ്ങിയ വിഷയങ്ങളെപ്പറ്റിയുള്ള ക്ലാസുകൾ. ഒരു ദിവസം മിഷൻ ടൂർ. ദൈവം വളരെ ഉപയോഗിക്കുന്ന ദൈവദാസന്മാരുടെ അനുഭവങ്ങ ളും കേൾക്കാം. ഓരോ ബാച്ചിലും 15 പേർക്കു പ്രവേശനം. കൂടുതൽ പേരുണ്ടെങ്കിൽ അടുത്ത ബാച്ച്! അവധിക്ക് നാട്ടിൽ വരുന്നവർക്ക് പ്രത്യേക ബാച്ച്. (കേരളത്തിന് പുറത്ത് നിന്ന് 15 പേരുണ്ടെങ്കിൽ അവരുടെ ഭാഷയിൽ തർജ്ജമ ചെയ്യുന്നതാണ്.) അടുത്ത ബാച്ച് മെയ് 20 മുതൽ 29 വരെ (തിരുവല്ലാ ചുമത്ര ബ്രദ്റൻ സഭയുടെ സഹകരണത്തിൽ) കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും:- Paul Timothy Institute, Chumathra PO, Thiruvalla 689103, Tel:0469-2601532 Mob: 9447360417, 9947451375 email : tmtvla@gmail.com.

കെ. തോമസ് മാത്യു,
ബെഞ്ചമിൻ ജോസഫ്

## പ്രയർ കലണ്ടർ ഫെബ്രുവരി 2009

പ്രാർത്ഥനാ ചങ്ങലയിൽ ചേർന്നവർക്ക് മാത്രം അല്ല, എല്ലാ ദിവസവും നിശ്ചിത സമയം ദൈവസന്നിധിയിൽ ചെലവഴിക്കാൻ താൽപര്യമുള്ള എല്ലാവർക്കും വേണ്ടിയാണ് ഈ കലണ്ടർ. റിന്യൂവലിന്റെ മറ്റു പേജുകളിലും ധാരാളം പ്രാർത്ഥനാ വിഷയങ്ങൾ ഉണ്ട്. നാം പതിവായി പ്രാർത്ഥിക്കുന്ന ആളുകളുടേയും വിഷയങ്ങളുടെയും ലിസ്റ്റുണ്ടാക്കുന്നത് എത്രയും നല്ലതാണ്. നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ എഴുതുക. പ്രയർ കലണ്ടർ C/o റിന്യൂവൽ, പി. ബി. 2665, ബ്രോഡ്‌വേ, എറണാകുളം 682 031.

| | | | | |
|---|---|---|---|---|
| **ഞായർ** – സ്ഥലം സഭയ്ക്കു വേണ്ടി | **1** സുവിശേഷ വിഹിത സഭകൾക്കും വിശ്വാസികൾക്കും വേണ്ടി. കർത്താവിന്റെ വേലയിൽ മുന്നേറുവാൻ. മറ്റ് ക്രിസ്തീയ സഭകൾക്കുവേണ്ടി. നേതൃത്വത്തിലിരിക്കുന്നവരെ ഓർത്ത്. അവർ ചെയ്യുന്ന സാമൂഹ്യ പ്രവർത്തനങ്ങളെ ഓർത്ത്. അതിലൂടെ അനേകർ യേശുവിന്റെ സ്നേഹം കണ്ടെത്തുവാൻ. രക്ഷിക്കപ്പെടാത്തവർക്കായി | **8** സ്ഥലം സഭയിലെ പ്രവർത്തനങ്ങൾക്കായി. യൂത്ത് മീറ്റിങ്ങ്, സഹോദരിമാരുടെ മീറ്റിങ്ങ്, സൺഡേ സ്കൂൾ, ബൈബിൾ ക്ലാസുകൾ, പ്രാർത്ഥനാ യോഗങ്ങൾ എന്നിവയ്ക്കായി. സഭയിലുള്ളവരുടെ മുഴുവൻ പങ്കാളിത്തവും ഈ മീറ്റിങ്ങുകളിൽ ഉണ്ടാകുവാൻ. പുതിയ ആത്മാക്കൾ രക്ഷിക്കപ്പെട്ട് സഭയോട് ചേരുവാൻ. | **15** സഭയിൽ നിന്ന് സുവിശേഷ വേലയ്ക്കായ് പോയിരിക്കുന്നവർക്കു വേണ്ടി. ആരും ഇല്ലെങ്കിൽ ഒരാൾ എങ്കിലും എഴുന്നേൽക്കുവാൻ. അവരുടെ കുടുംബാംഗങ്ങൾക്കും പ്രവർത്തനങ്ങൾക്കും ആവശ്യമായ സംരക്ഷണം ലഭിക്കാൻ ഭൗമീകമായ ആവശ്യങ്ങൾ നിറവേറ്റപ്പെടുവാൻ. നമ്മുടെ പങ്കും നിർവ്വഹിക്കാം. | **22** സഭയിലെ ഓരോ വിശ്വാസികൾക്കു വേണ്ടിയും, സഭയിൽ ഐക്യത നിലനിൽക്കാൻ. മൂപ്പന്മാരുടെ ആരോഗ്യത്തിനും ആത്മീയ കാഴ്ചപ്പാടിനും വേണ്ടി. ആത്മീയ ഉണർവ്വിനായി. പിൻമാറ്റത്തിലുള്ളവരുണ്ടെങ്കിൽ അവരുടെ തിരിച്ചുവരവിനായ്. സഭയിലെ മുടങ്ങിക്കിടക്കുന്ന യോഗങ്ങൾ പുനഃരാരംഭിക്കുവാൻ. |
| **തിങ്കൾ** – അധികാര സ്ഥാനങ്ങളിലുള്ളവർക്ക് വേണ്ടി | **2** കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, പഞ്ചായത്ത് ഭരണാധികാരികൾക്കു വേണ്ടി, പ്രസിഡന്റ്, മെമ്പർ എന്നിവരുടെ പേരുകൾ പറഞ്ഞ്. തങ്ങളുടെ ജോലി നീതിയോടെ നിർവ്വഹിക്കുവാൻ. ജില്ലാ ആരോഗ്യ കേന്ദ്രങ്ങൾക്കും, ഉദ്യോഗസ്ഥർക്കു വേണ്ടിയും. ഗവ. ഓഫീസുകളിൽ കൈക്കൂലി ഇല്ലാതാകാൻ (കൈക്കൂലി കൊടുക്കരുത്, വാങ്ങരുത്). | **9** കേരളത്തിലെ ഭരണകർത്താക്കൾക്കായി. മുഖ്യമന്ത്രി, മറ്റ് വകുപ്പ് മന്ത്രിമാർ. ഘടക കക്ഷി നേതാക്കൾ, പ്രതിപക്ഷ പാർട്ടി നേതാക്കൾ. ഭരണകക്ഷിയിലെ മറ്റ് നേതാക്കൾ എന്നിവർക്കായി ദൈവഭയത്തോടെ ഭരിക്കുവാൻ. സംസ്ഥാനത്ത് സമാധാനം നിലനിൽക്കുവാൻ. ഐ.എ.എസ്സ്., ഐ.പി.എസ് ഉദ്യോഗസ്ഥർക്കായി. | **16** നമ്മുടെ രാജ്യത്ത് സമാധാനം നിലനിൽക്കുവാൻ. രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, മറ്റ് വകുപ്പ് മന്ത്രിമാർ എന്നിവരെ ഓർത്ത് പ്രത്യേകം. പ്രതിപക്ഷ നേതാക്കൾക്കു വേണ്ടി. സുപ്രീം കോടതി ജഡ്ജിമാർക്കു വേണ്ടി. ഘടക കക്ഷി നേതാക്കൾക്കു വേണ്ടിയും. | **23** സംസ്ഥാനം ഭരിക്കുന്ന മുഖ്യമന്ത്രിമാരെ ഓർത്ത്. നരേന്ദ്രമോഡി (ഗുജറാത്ത്), മായാവതി (ഉത്തർപ്രദേശ്), നിധീഷ് കുമാർ (ബീഹാർ) എന്നിവരെ പ്രത്യേകം ഓർക്കുക. ഇന്ത്യയുടെ ഭൂപടം നോക്കി ഓരോ സംസ്ഥാനങ്ങളേയും ഓർത്ത് പ്രാർത്ഥിക്കുക. കേരളത്തിന്റെ അയൽ സംസ്ഥാനങ്ങളെ ഓർത്ത്. |
| **ചൊവ്വ** – രക്ഷിക്കപ്പെടാത്തവർക്കു വേണ്ടി | **3** നിങ്ങളുടെ അയൽക്കാരോട് സുവിശേഷം പറയുവാൻ എന്തെങ്കിലും തടസമുണ്ടെങ്കിൽ അത് നീങ്ങിപോകുവാൻ. നിങ്ങളുടെ ഭവനത്തിൽ നടക്കുന്ന യോഗങ്ങളിൽ അവരെ പ്രാർത്ഥനയോടെ ക്ഷണിക്കുക. കുഞ്ഞുങ്ങളോട് സുവിശേഷം അറിയിക്കുവാൻ ചിൽഡ്രൻസ് ക്ലബ്ബ് പോലുള്ള പ്രോഗ്രാമുകൾ നടക്കുവാൻ. | **10** ഭാരതത്തിലെ ആദിവാസി മേഖലയിലെ പ്രവർത്തനങ്ങൾ മുഖാന്തരം അനേകർ രക്ഷിക്കപ്പെടുവാൻ (റിന്യൂവലിന്റെ മുൻ ലക്കങ്ങളിലെ റിപ്പോർട്ടുകൾ ശേഖരിക്കുക). കേരളത്തിലെ പാലക്കാട്, വയനാട്, മലപ്പുറം, ഇടുക്കി, കാസർകോട്, കണ്ണൂർ, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിലെ ആദിവാസി മേഖലയിലെ പ്രവർത്തനങ്ങൾക്കായ്. | **17** നിങ്ങൾ ഒരു പ്രാവശ്യമെങ്കിലും സുവിശേഷം പറഞ്ഞവരുടെ ലിസ്റ്റ് തയ്യാറാക്കി പ്രാർത്ഥിക്കുക. (വീണ്ടും അനുധാവനം ചെയ്യുവാൻ തയ്യാറെടുക്കുക). നിങ്ങളുടെ സുഹൃത്തുക്കളെ ഓർത്ത്. അവരുടെ കുടുംബാംഗങ്ങൾക്കു വേണ്ടി. സുവിശേഷം പങ്ക് വെക്കുവാൻ അവസരം ഉണ്ടാക്കുവാൻ പ്രാർത്ഥിക്കുക. ഉദാ. കുടുംബയോഗങ്ങൾ വഴി. | **24** നിങ്ങൾ സുവിശേഷം പറഞ്ഞവരെ ഓർത്ത്. യേശുവിനെ രക്ഷിതാവായ് സ്വീകരിക്കുന്നതിൽ എന്തെങ്കിലും തടസം അവർ നേരിടുന്നുണ്ടെങ്കിൽ അത് നീങ്ങിപോകുവാൻ. (വീണ്ടും അനുധാവനം ചെയ്യുക). ഒന്നിച്ചിരുന്ന് പ്രാർത്ഥിക്കുവാൻ മനസ്സുള്ളവരുമായി പ്രാർത്ഥിക്കുവാൻ സമയം കണ്ടെത്തുക. |
| **ബുധൻ** – സൗഖ്യമില്ലാത്തവർക്ക് വേണ്ടി | **4** രോഗികളായ ചിലരുടെ പേരുകൾ, എസ്ഥേറമ്മ കുര്യൻ (കോട്ടയം), ലാറ (ഫ്രാൻസ്) ക്യാൻസർ, ജോബ് (2) കോടനാട്, എലിസബത്ത് (ഇറ്റലി) ക്യാൻസർ, ജോണിക്കുട്ടി പി.എം. (യു.എസ്.എ.), പി.പി. വർഗ്ഗീസ് (പിറവം), അഭിഷേക് (5) ദോൽപൂർ, സണ്ണി റ്റി. ബേബി (ദോഹ), ജോർജ്ജുകുട്ടി പി.റ്റി., വൽസ (ബാംഗ്ലൂർ), | **11** നിങ്ങൾക്കറിയാവുന്ന രോഗികളുടെ ലിസ്റ്റ് തയ്യാറാക്കി വെക്കുക. പ്രാർത്ഥിച്ചവരുടെ രോഗവിവരങ്ങൾ തിരക്കി തുടർന്നും പ്രാർത്ഥന ആവശ്യമെങ്കിൽ തുടരുക. സാമുവൽ (യു.എ.ഇ.), നാൻസി മണിയങ്ങാട് (യു.എസ്.എ.), എ.ആർ. പീറ്റർ (പാലക്കാട്), സജി തോമസ് (ഡൽഹി), മോളികുട്ടി എബ്രഹാം, തോമസ് പി. സാമുവൽ (ഭോപാൽ), | **18** വാർദ്ധക്യത്തിന്റെ പ്രയാസമനുഭവിക്കുന്നവർക്കു വേണ്ടി. അയൽപക്കത്ത് ആരെങ്കിലും ഉണ്ടെങ്കിൽ അവരെ ഓർത്ത്. വി.പി. ജേക്കബ് (തിരുവനന്തപുരം), തിരുവനന്തപുരത്തെ ആർദ്രം പ്രോജക്ടിനായി – രോഗികൾക്കുള്ള താമസസൗകര്യം. സീതാറാം (ഗ്വാളിയർ), ലിയോപോൾ (ഇരിങ്ങാലകുട), ജോയ്സ് (ബാംഗ്ലൂർ), | **25** രോഗികളായ ചിലരുടെ പേരുകൾ : റാഫേൽ (ഇടയക്കുന്നം) ബെറ്റ്സി ജേക്കബ് (യു.എസ്.എ). ക്രിസ്റ്റി രാജ് (ക്ലാസ്സ് 9) ഹൃദയ തകരാറ്. മത്തായി കുര്യൻ (മുവാറ്റുപുഴ), ഷിജു കുര്യാക്കോസ് (ഇടക്കര), കോശി കെ. ജെ. (ഇൻഡോർ), ജയിംസ് സാമുവൽ & ബിൻസി – ടൈഫോയ്ഡ് (ഇൻഡോർ). |
| **വ്യാഴം** – സുവിശേഷ പ്രവർത്തകർ, പ്രവർത്തനങ്ങൾ | **5** മാസികപ്രവർത്തനങ്ങൾ ദൈവഭക്തിയോടെ നടക്കുവാൻ. ദൈവ മഹത്വത്തിനുള്ളത് പ്രസിദ്ധീകരിക്കുവാൻ പത്രാധിപന്മാർക്കായി. റ്റി.ഇ. ഈശോ (സുവിശേഷകൻ), വി.എസ്. മാത്യു (സുവിശേഷധ്വനി), ആർ. കൃഷ്ണൻകുട്ടി (ധർമ്മദീപ്തി), ഡോ. ഒ.എം. സാമുവൽ (ആത്മപ്രകാശിനി), സി.വി. വടവന (ജീവവചനം), കെ.സി. മാത്യു (ഉന്നതധ്വനി), റിന്യൂവൽ ടീമിനായും. | **12** ഭാരതത്തിലെ എല്ലാ സംസ്ഥാനങ്ങളിലും നടക്കുന്ന പ്രവർത്തനങ്ങളെ ഓർത്ത്. വിവിധ സ്ഥലങ്ങളിലുള്ള സുവിശേഷകന്മാരെയും കുടുംബാംഗങ്ങളെയും ഓർത്ത്. (സുവിശേഷകരുടെ വിവരങ്ങളടങ്ങിയ പ്രയർഹാൻഡ് ബുക്ക് നോക്കുക). സഭാകൂടി വരവുകൾ കൂടുതലായ് ഉണ്ടാകുവാൻ. തടസങ്ങൾ മാറുവാൻ. | **19** വടക്കെ ഇന്ത്യയുടെ പല സ്ഥലങ്ങളിലും സുവിശേഷകന്മാർ ഒന്നിച്ച് ചെയ്യുന്ന പ്രവർത്തനങ്ങൾക്കു വേണ്ടി. ഒറീസയിലെ പ്രവർത്തനങ്ങളെ ഓർത്ത് പ്രത്യേകം. ക്രിസ്ത്യാനികൾക്കു നേരെയുണ്ടായ ആക്രമണത്തെ തുടർന്ന് ചില സ്ഥലങ്ങളിൽ പ്രവർത്തനങ്ങൾ തടസപ്പെട്ടിരിക്കുന്നു. | **26** വൈ.എം.ഇ.എഫ്. നോർത്ത് – സൗത്ത് ഡിവിഷൻ പ്രവർത്തനങ്ങൾക്കു വേണ്ടി. (പഞ്ചാബിലേയും, കർണാടകയിലേയും പ്രവർത്തനങ്ങൾ പുനരാരംഭിക്കുക). ടീമിൽ പ്രവർത്തിക്കുന്നവർക്കായും അവരുടെ കുടുംബാംഗങ്ങൾക്കായും. മാസവേല, മലബാർ ഗോസ്പൽ ടീം പ്രവർത്തനങ്ങൾ എന്നിവയ്ക്കുവേണ്ടിയും. |
| **വെള്ളി** – ലോക രാജ്യങ്ങൾ | **6** കരിങ്കടലിന്റെ തീരത്തുള്ള രാജ്യമായ ജോർജ്ജിയ 1997ൽ റഷ്യയിൽ നിന്ന് സ്വയം സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. ഓർത്തഡോക്സ് ക്രിസ്ത്യാനികൾ 80.9%, മറ്റ് ക്രിസ്ത്യാനികൾ 5.5%, മുസ്ലീങ്ങൾ 9.9%. ജനങ്ങൾ കർത്താവിനെ രക്ഷിതാവായി സ്വീകരിക്കാൻ പ്രാർത്ഥിക്കാം. | **13** മംഗോളിയയിലെ കസാക്കുകൾക്കു വേണ്ടി പ്രാർത്ഥിക്കാം. സുന്നി മുസ്ലീം വിശ്വാസികളാണ്. നിരീശ്വര ഭരണവും കമ്മ്യൂണിസവും വളരെ സ്വാധീനിച്ചിട്ടുണ്ട്. 1990നു ശേഷം 50,000 ത്തോളം മംഗോളിയൻ ജനങ്ങൾ തങ്ങളുടെ ജീവിതം ക്രിസ്തുവിനായി സമർപ്പിച്ചു. | **20** ടുണീഷ്യ, അൾജീരിയയുടെയും, ലിബിയയുടെയും ഇടയിൽ സ്ഥിതി ചെയ്യുന്നു. 1 കോടി ജനങ്ങൾ. 50 വർഷമായി, ഭരിച്ചത് രണ്ട് പ്രസിഡണ്ടുകൾ. രാഷ്ട്രീയ സ്ഥിരതയുണ്ട്. പോലീസിന്റെ ഭാഗത്തു നിന്ന് ഉപദ്രവമോ, അറസ്റ്റോ നടക്കുന്നില്ലെങ്കിലും പുതിയ വിശ്വാസികൾ ഭയത്തിലാണ്. പ്രസിഡണ്ട് – സൈൻ എൽ അബിദിൻ ബെൻ അലി. പ്രധാനമന്ത്രി – മൊഹമ്മദ് ഗനൂച്ചി. | **27** ഗയാന അറ്റ്ലാന്റിക്ക് സമുദ്രത്തോടു ചേർന്ന രാജ്യം. ക്രിസ്ത്യാനികൾ 50% ഹിന്ദുക്കൾ 35%, മുസ്ലീങ്ങൾ 10%. ഗയാനയിൽ വന്നവർ. ഭൂരിപക്ഷവും തൊഴിലാളികളുമായി വന്നവരാണ്. ഗയാനയിൽ ധാരാളം ബൈബിൾ കോളേജുകളുണ്ട്. റേഡിയോ, ടി.വി. പ്രക്ഷേപണങ്ങളിലൂടെ സുവിശേഷം എല്ലാവർക്കും ലഭിക്കാൻ പ്രാർത്ഥിക്കാം. |
| **ശനി** – കുട്ടികൾ, യുവജനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ | **7** ഏപ്രിൽ 8 മുതൽ 12 വരെ നടക്കാനിരിക്കുന്ന എസ്.എസ്.എൽ ക്യാമ്പിനായി കടന്നു വരുന്ന കുട്ടികൾക്കായ്, സീനിയേഴ്സിനായി, ക്ലാസുകൾ എടുക്കുന്നവർക്കായി. ക്യാമ്പിന്റെ ക്രമീകരണങ്ങൾക്കായി. അനുകൂലമായ രാഷ്ട്രീയ അന്തരീക്ഷത്തിനും, കാലാവസ്ഥയ്ക്കുമായി. രക്ഷിക്കപ്പെടാത്തവരുണ്ടെങ്കിൽ കർത്താവിനെ കണ്ടെത്തുവാൻ. | **14** കുഞ്ഞുങ്ങളുടെ ഇടയിൽ പ്രവർത്തിക്കുന്നവർക്കായി. ചൈൽഡ് ഇവാഞ്ചലിസം മിനിസ്ട്രി, ബാലസംഘം പ്രവർത്തനങ്ങൾക്കായി. മദ്ധ്യവേനലവധിക്കാലത്ത് നടക്കുവാൻ പോകുന്ന വി.ബി.എസുകൾക്കായി. സിലബസ് തയ്യാറാക്കുന്നവർക്കുവേണ്ടി. ചിൽഡ്രൻസ് ക്ലബ്ബ്, സണ്ടേ സ്കൂൾ പ്രവർത്തനങ്ങൾക്കായി. | **21** യുവജനങ്ങൾക്കിടയിലെ പ്രവർത്തനങ്ങൾക്കുവേണ്ടി. വൈ.എം.ഇ.എഫ്. ക്യാമ്പുകൾക്കു വേണ്ടി. ഈ പ്രവർത്തനങ്ങൾ മുഖാന്തരം കേരളത്തിലെ അടുത്ത തലമുറ കർത്താവിനായ് പ്രയോജനപ്പെടുവാൻ. കറസ്പോണ്ടൻസ് കോഴ്സുകൾക്കു വേണ്ടി. റ്റീൻസ് ക്യാമ്പുകൾ, ഫാമിലി ലൈഫ് കോൺഫറൻസുകൾ ഇവയ്ക്കായി. | **28** നമ്മുടെ ഇടയിലെ സ്കൂൾ പ്രവർത്തനങ്ങൾക്കു വേണ്ടി. നോയൽ മെമ്മോറിയൽ സ്കൂളുകൾ, റെഹബോത്ത് സ്കൂൾ (തൃശൂർ). വടക്കെ ഇന്ത്യയിലെ നമ്മുടെ സ്കൂളുകൾ. ക്ലാരൻസ് സ്കൂൾ (ബാംഗ്ലൂർ) അനാഥ ശാലകൾക്കു വേണ്ടി. റെഹബോത്ത് ഗേൾസ് ഹോം (തൃശൂർ) ബോയ്സ് ഹോം (ഇരിങ്ങാലകുട) ദയാവിഹാർ (തിരുവല്ല). വടക്കെ ഇന്ത്യയിൽ മിഷൻ സ്കൂളുകൾക്കായി. |

### ഒരു മണിക്കൂറിനുള്ള ഏകദേശ പ്രോഗ്രാം

5 മിനിറ്റ് സ്തുതി:

5 മിനിറ്റ് നന്ദി (സ്ത്രോതം):

5 മിനിറ്റ് ഏററുപറച്ചിൽ:

20 മിനിറ്റ് വചനധ്യാനം:

20 മിനിറ്റ് മദ്ധ്യസ്ഥ പ്രാർത്ഥന:

5 മിനിറ്റ് അപേക്ഷ:



**നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ എഴുതുക.**

പ്രയർ കലണ്ടർ,
C/o റിന്യൂവൽ,
പി. ബി. 2665, ബ്രോഡ്‌വേ,
എറണാകുളം - 682 031

Printed & Published by Tenson Joseph for Renewal Team at Thomson Press, Cochin, Karimpatta Road, Pallimukku, Cochin - 682 016.
Type Setting & Layout : Design Enroute, Ekm,